# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4603

13.11.2019-ലെ മറുപടി

### ചെങ്ങന്നൂർ മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ പൂർത്തീകരിക്കാത്തതും പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടും ആരംഭിക്കാത്തതുമായ എത്ര കുടിവെള്ള വിതരണ പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി, കിഫ്ബിയിൽ നിന്നും 199.13 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നല്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.<br>പമ്പാനദി സ്രോതസ്സ് ആയിട്ടുള്ള ടി പദ്ധതിയിൽ പ്രതിദിനം 35 ദശലക്ഷം ലിറ്റർ വെള്ളം സംസ്കരിക്കാൻ (Treat) ശേഷിയുള്ള ജലശുദ്ധീകരണ ശാല, 31 കി.മീ. ട്രാൻസ്മിഷൻ മെയിൻ, 90 എം.എം. മുതൽ 800 എം.എം. വരെയുള്ള 910 കി.മീ. വിതരണ ശൃംഖല, മുനിസിപ്പാലിറ്റിക്കും 7 പഞ്ചായത്തു കൾക്കുമുള്ള ഉന്നതതല സംഭരണികൾ, ഇപ്പോൾ നിലവിലുള്ള കിണറിന്റെ വിപുലീകരണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, പമ്പ് ഹൗസ്, ഭൂതല സംഭരണി, ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ & പവ്വർ ലൈൻ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.<br>പദ്ധതിക്ക് ആവശ്യമായ 9 സ്ഥലങ്ങളിൽ 8 സ്ഥലവും ലഭ്യമായിട്ടുണ്ട്. മുളക്കുഴ പഞ്ചായത്തിലെ ഉന്നതതല സംഭരണിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ ഘടകങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി., കെ.എസ്.റ്റി.പി. എന്നീ റോഡുകളുടെ പുനർസ്ഥാപനത്തിന് |
| (ബി) | മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ കാരണം വിശദമാക്കാമോ ; | | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | ആവശ്യമായിട്ടുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.<br>ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ പാക്കേജ് 1-ൽ ഉൾപ്പെട്ട ജല ശുദ്ധീകരണശാല, നിലവിലുള്ള കിണറിന്റെ വിപുലീകരണം, റോ വാട്ടർ പമ്പ് സെറ്റ്, പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, ജലശുദ്ധീകരണ ശാലയിലുള്ള ഉന്നതതല ജല സംഭരണി എന്നിവയ്ക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. ബാക്കി 3 പാക്കേജുകൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>ഇതിനു പുറമേ, 2016-17 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച തിരുവല്ല ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതിയുടെ ഭാഗമായി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ തിരുവൻവണ്ടൂർ പഞ്ചായത്തിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായുള്ള റോഡ് പുന:സ്ഥാപനത്തിനുള്ള എസ്റ്റിമേറ്റ് പൊതു മരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകാത്തതു കാരണം പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (സി) | മണ്ഡലത്തിൽ എത്ര വീടുകൾക്കാണ് ജല അതോറിറ്റിയുടെ കുടിവെള്ളം ലഭിക്കുന്നതെന്ന് അറിയിക്കുമോ ? | (സി) | 6510 വീടുകൾ. |

സെക്ഷൻ ഓഫീസർ